# നവജ്യോതി

LIGHTED TO ENLIGHTEN

നമ്മുടെ കോളേജിന്റെ വാർത്താജാലകം

സെപ്റ്റംബർ 5 വെള്ളി


# നവജ്യോതിയിൽ വൈബായി 'വൈബോണം 2025'





ഫെബിൻ ബിജു

ഓഗസ്റ്റ് 27 ബുധനാഴ്ച നവജ്യോതി കോളേജ് **Sain Et al** ന്റെ നേതൃത്വത്തിൽ ' 'വൈബോണം 2025'നടത്തപ്പെട്ടു.കേരളത്തിന്റെ മഹോത്സവമായ ഓണം, ഐക്യത്തിന്റെയും സന്തോഷത്തിന്റെയും പ്രതീകമാണ്. വിദ്യാർത്ഥികൾക്ക് സ്വന്തം സംസ്കാരവും പാരമ്പര്യവും അനുഭവിക്കാനുള്ള മികച്ച അവസരമാണ്. പൂക്കളം, സദ്യ, കളികൾ, കലാപരിപാടികൾ എന്നിവ സൗഹൃദവും സഹകരണവും വളർത്തുകയും, വിദ്യാർത്ഥികളുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള വേദി ഒരുക്കുകയും ചെയ്യുന്നു.പഠനത്തിന്റെ തിരക്കിനിടെ ഇത്തരത്തിലുള്ള ആഘോഷങ്ങൾ മാനസികവിശ്രമവും പുതുമയും നൽകുന്നു. അതിനൊപ്പം, ഓണത്തിന്റെ സന്ദേശമായ സ്നേഹവും സമത്വവും വിദ്യാർത്ഥി സമൂഹത്തിൽ ശക്തിപ്പെടുത്തുന്നതിലും ഓണാഘോഷത്തിന് സാധിച്ചു.പ്രസ്തുത പരിപാടി തിരികൊളുത്തി ഉദ്ഘാടനം ചെയ്തത് ചെറുപുഷ്പ സഭ യുടെ സുപ്പീരിയർ ജനറൽ റവ. ഫാ. ജോജോ വരകുകാലയിൽ ആണ്, തുടർന്ന് പരിപാടിയിൽ സംസാരിച്ചത് ടു സ്ക്രോൾ സീനിയർ സോഫ്റ്റ്വെയർ എൻജിനീയർ അജിത്ത് ആർ. തമ്പി എന്നിവരാണ്. ഓണാഘോഷത്തിന്റെ ഭാഗമായി ഡിപ്പാർട്ട്മെൻറ് തലത്തിലുള്ള പൂക്കള മത്സരവും, ഘോഷയാത്രയോടുകൂടി ഓണ പരിപാടിക്ക് തുടക്കമായി തുടർന്ന് ഓണപ്പാട്ട്, ഫാഷൻ വാക്ക്, ലെമൺ സ്പൂൺ റൈസ്, സുന്ദരിക്ക് പൊട്ടു തൊടൽ, പഞ്ചഗുസ്തി എന്നിവ നടത്തപ്പെട്ടു ഉച്ചയ്ക്ക് സ്വാദിഷ്ടമായ ഓണസദ്യ ഒരുക്കുകയും എല്ലാവരും അതിൽ പങ്കുചേരുകയും ചെയ്തു. മഴയുടെ കാഠിന്യം മൂലം ചില പരിപാടികൾ പിന്നീട് നടത്തുവാൻ തീരുമാനിച്ചു.

## തെരുവുനാടകം സംഘടിപ്പിച്ചു.




ചെറുപുഴ :ചെറുപുഴ നവജ്യോതി കോളേജിലെ രണ്ടാം വർഷ ബി.എസ്.ഡബ്ല്യൂ വിദ്യാർത്ഥികൾ ജെല്ലിപ്പാറ പുതുജീവനിൽ വച്ച് നടത്തിയ ദശദിന സഹവാസ ക്യാമ്പിന്റെ ഭാഗമായി മാനവരാശിയെ കാർന്നുതിന്നുന്ന ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരായി അഗളി, ജെല്ലിപ്പാറ, ഗുളിക്കടവ്, പെട്ടിക്കൽ ഇൻഫൻറ് ജീസസ് സ്കൂൾ എന്നിവിടങ്ങളിൽ തെരുവുനാടകം അവതരിപ്പിച്ചു.ജെല്ലിപ്പാറ പുതുജീവൻ ഡയറക്ടർ ഫാ. ബിബിൻ ചെറുകുന്നേൽ **CST**,ഡിപ്പാർട്ട്മെൻട്ട്മെൻറ് മേധാവി ഫാ. ബിനോയി വാഴയിൽ **cst** ക്യാമ്പ് കോ ഓർഡിനേറ്റർ ഷാരോൺ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

## P.G DEPARTMENT OF ENGLISH
## വർക്ക് ഷോപ്പ് സംഘടിപ്പിച്ചു.




**INK JOURN CLUB** ന്റെ ഭാഗമായി 09/08/2025 നാഷണൽ ബുക്ക് ലവേഴ്സ് ഡേ നടത്തി.ഓരോ വിദ്യാർത്ഥികൾക്കും ഏറെ ഇഷ്ടപ്പെട്ട പുസ്തകത്തെ പറ്റി മറ്റുള്ളവരുമായി പങ്ക് വയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ പരിപാടി നടത്തിയത്.മത്സരിക്കുന്ന ഓരോ വിദ്യാർത്ഥികളും 5 മിനുറ്റ് ദൈർഘ്യം ഉള്ള ഓഡിയോ അല്ലെങ്കിൽ വീഡിയോകളാണ് അയച്ചു നൽകിയത്.എല്ലാ കോളേജ് വിദ്യാർത്ഥികൾക്കും പങ്കെടുക്കാൻ ഉള്ള അവസരം നൽകി.ഓഗസ്റ്റ് 9 മുതൽ 14 വരെയാണ് വിദ്യാർത്ഥികൾക്ക് ഓഡിയോ അല്ലെങ്കിൽ വീഡിയോ അയച്ച് കൊടുക്കാൻ അവസരം നൽകിയത് .**P.G DEPARTMENT OF ENGLISH H.O.D** ആതിര ,അധ്യാപികമാരായ കരോളിൻ മരിയ,നമിത മാത്യു എന്നിവർ മത്സരത്തിന് നേതൃതം നൽകി .ഒന്നാം സ്ഥാനം ഫാത്തിമത്ത് നിദ ,(**K.M.M Womens collage kannur**)രണ്ടാം സ്ഥാനം മാളവിക.എൻ (**Maharajas collage ernakulam**)മൂന്നാം സ്ഥാനം റാഹില നൗഫൽ (**Mores collages of arts&science ,-**കോഴിക്കോട് )& അജയ് തോമസ് (**Navajyothi collage cherupuzha**) .

# നവജ്യോതിയുടെ 'നൈനിറ്റാൾ'

ഫെബിൻ ബിജു

ഓഗസ്റ്റ് 13 2025 വ്യാഴാഴ്ച രാവിലെ 10 മണിക്ക് നവജ്യോതി കോളേജ് സ്റ്റുഡൻസ് യൂണിയൻ 2024 25 കോളേജ് മാഗസിൻ പ്രകാശനം കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. യോഗത്തിൽ എത്തിച്ചേർന്ന എല്ലാവരെയും മാർട്ടിൻ നോബിൾ (സ്റ്റുഡൻറ് എഡിറ്റർ ) സ്വാഗതം ചെയ്തു. തുടർന്ന് നടന്ന യോഗത്തിൽ അധ്യക്ഷ സ്ഥാനം അലങ്കരിച്ചത് ഫെബിൻ ബിജു കോളേജ് യൂണിയൻ ചെയർമാൻ , ഫാ.ജോസഫ് ചാത്തനാട്ട് ഉദ്ഘാടനം ചെയ്യുകയും തുടർന്ന് കോളേജ് മാഗസിൻ 'നൈനിറ്റാൾ' പ്രകാശനം ചെയ്തു പ്രിൻസിപ്പൾനു കൈമാറുകയും ചെയ്തു.

തുടർന്ന് കോളേജ് പ്രിൻസിപ്പൾ ഡോ. കെ കെ സോമശേഖരൻ, കോളേജ് ഡയറക്ടർ ഫാ. സിജോയ് പോൾ, സ്റ്റാഫ് എഡിറ്റർ നമിത മാത്യു , സ്റ്റാഫ് സെക്രട്ടറി സില്ലു ജോൺ എന്നിവർ ആശംസകൾ അർപ്പിച്ചു സംസാരിച്ചു. അദ്വൈത് കുമാർ യോഗത്തിൽ സന്നിദ്ധരായ എല്ലാവർക്കും നന്ദി അർപ്പിച്ചു.

## ഓണം
## നമ്മുടെ ഐക്യത്തിന്റെ ഉത്സവം

ആദിത്യ .ഇ

കേരളത്തിന്റെ സ്വന്തം മഹോത്സവമായ ഓണം മലയാളികളുടെ മനസ്സിൽ പ്രത്യേക സ്ഥാനമാണ് നേടിയിരിക്കുന്നത്. മതം, ജാതി, വിശ്വാസം ഒന്നുമില്ലാതെ എല്ലാവരെയും ഒന്നിപ്പിക്കുന്ന അപൂർവ ഉത്സവമാണിത്.

പുരാണങ്ങൾ പറയുന്നത് പോലെ, മഹാബലി മഹാരാജാവ് തന്റെ ജനങ്ങളെ കാണാനെത്തുന്ന ദിനമാണ് ഓണം. സമത്വവും സമൃദ്ധിയും നിറഞ്ഞ കാലഘട്ടം മലയാളികളുടെ മനസ്സിൽ ഓർമ്മിപ്പിക്കുന്നതാണ് മഹാബലിയുടെ കഥ. അതുകൊണ്ടുതന്നെ ഓണം സന്തോഷത്തിന്റെയും ഐക്യത്തിന്റെയും പ്രതീകമായി മാറുന്നു.

കോളേജ് പരിസരങ്ങളിൽ ഓണം ഒരു കൂട്ടായ്മയുടെ ദിനം തന്നെയാണ്. വിദ്യാർത്ഥികൾ ഒരുമിച്ച് പൂക്കളം ഒരുക്കുകയും, ഓണപ്പാട്ട് പാടുകയും, കളികളും കലാപരിപാടികളും അവതരിപ്പിക്കുകയും ചെയ്യുമ്പോൾ സൗഹൃദബന്ധം കൂടുതൽ ശക്തമാവുന്നു. ഇതിലൂടെ പഠനത്തിലും ജീവിതത്തിലും ഒരുമിച്ചുനിന്ന് മുന്നേറാനുള്ള ആത്മവിശ്വാസം വിദ്യാർത്ഥികൾക്ക് ലഭിക്കുന്നു.

ഓണസദ്യ, പൂക്കളം, വള്ളംകളി, പുലിക്കളി എല്ലാം ഓണത്തിൻറെ നിറങ്ങൾ വർധിപ്പിക്കുന്ന ഭാഗങ്ങളാണ്. എന്നാൽ അതിനുമപ്പുറം, ഓണം നമ്മെ പഠിപ്പിക്കുന്ന ഏറ്റവും വലിയ പാഠം പങ്കിടലിന്റെയും സൗഹൃദത്തിന്റെയും വില തന്നെയാണ്.

ഇന്നത്തെ തലമുറയ്ക്ക് ഓണം വെറും ആഘോഷം മാത്രമല്ല, മറിച്ച് നമ്മുടെ സംസ്കാരവും മൂല്യങ്ങളും ഓർത്തെടുക്കാനുള്ള ദിനം കൂടിയാണ്. എന്നാൽ, കാലം മാറിയപ്പോൾ ഓണത്തിന്റെ നിറങ്ങൾക്കും അൽപ്പം മങ്ങലേറ്റോ എന്ന് നാം ചിന്തിക്കണം. പാടവരമ്പുകളിൽ നിറഞ്ഞ പൂക്കളും തുമ്പപ്പൂവും കാക്കപ്പൂവുമൊക്കെ ഇന്ന് അന്യമായിരിക്കുന്നു. അയൽവീടുകളിൽ നിന്ന് കൂട്ടമായി പൂക്കൾ ശേഖരിച്ച് പൂക്കളമൊരുക്കിയ കുട്ടിക്കാലം ഇന്നത്തെ തലമുറക്ക് ഒരുപക്ഷേ അന്യമായിരിക്കാം. വസ്ത്രത്തിലും സദ്യയിലും മാത്രമല്ല, ഓണാഘോഷത്തിന്റെ അന്തസ്സത്തയിലും മാറ്റങ്ങൾ വന്നിട്ടുണ്ട്. എങ്കിലും, ഈ മാറ്റങ്ങൾക്കിടയിലും ഓണത്തിന്റെ അടിസ്ഥാനപരമായ മൂല്യങ്ങൾക്ക് കോട്ടം തട്ടിയിട്ടില്ല. ഒരുമയുടെയും സാഹോദര്യത്തിന്റെയും സന്ദേശം ഇന്നും ഓണം നമുക്ക് നൽകുന്നുണ്ട്.

ഈ ഓണക്കാലത്ത്, നമുക്ക് ഒരുമിച്ച് കൈകോർക്കാം. നഷ്ടപ്പെട്ടുപോയ നന്മകളെ തിരിച്ചുപിടിക്കാനും, പുതിയ തലമുറയ്ക്ക് ഓണത്തിന്റെ യഥാർത്ഥ മൂല്യങ്ങൾ പകർന്നുനൽകാനും നമുക്ക് ശ്രമിക്കാം. ഓരോ പൂക്കളത്തിലും, ഓരോ ഓണസദ്യയിലും, ഓരോ പുഞ്ചിരിയിലും മഹാബലിയുടെ ആദർശങ്ങളെ നാം വീണ്ടും കണ്ടെത്തട്ടെ. എല്ലാവർക്കും ഹൃദയപൂർവ്വം ഓണാശംസകൾ!

## ഡ്രീം പ്ലാൻ ഡു : പിപിടി പ്രെസന്റേഷൻ മത്സരം നവജ്യോതി കോളേജ് ചെറുപുഴ





അമൽ കുര്യാക്കോസ്

ചെറുപുഴ നവജ്യോതി കോളേജിലെ കൊമേഴ്സ് ക്ലബ്ബായ*“-കോമെർകോ”*യുടെ ആഭിമുഖ്യത്തിൽ **“Dream, Plan, Do”** എന്ന തലക്കെട്ടിൽ ബിസിനസ് ഐഡിയ പി.പി.ടി. പ്രെസന്റേഷൻ മത്സരം 18 08 2025ന് കോളേജിലെ ഓഡിയോ വിഷൻ റൂമിൽ സംഘടിപ്പിച്ചു.വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ ചിന്ത, പദ്ധതിയിടൽ കഴിവ്, അവതരണ വൈദഗ്ധ്യം എന്നിവ വളർത്തുന്ന തരത്തിലായിരുന്നു. അഞ്ച് ടീമുകൾ പങ്കെടുത്ത മത്സരത്തിൽ, ഓരോ ടീമും വ്യത്യസ്തമായ ആശയങ്ങളുമായി വേദിയെ സമ്പന്നമാക്കി. വിദ്യാർത്ഥികളുടെ സൃഷ്ടിപരമായ അവതരണങ്ങളും, ടീം സ്പിരിറ്റും, ആത്മവിശ്വാസവും പ്രേക്ഷകരെ ആകർഷിച്ചു.

പരിപാടി ജെഫിൻ അവതരിപ്പിച്ച സ്വാഗതപ്രസംഗത്തോടും മത്സരത്തിനുള്ള നിയമങ്ങൾ വായിച്ചുകൊണ്ടുമാണ് ആരംഭിച്ചത്. തുടർന്ന് ടീമുകളുടെ മത്സരാവതരണങ്ങൾ നടന്നു. മത്സരത്തിലെ അവതരണങ്ങൾ വിലയിരുത്തിയത് കൊമേഴ്സ് പി.ജി. ഡിപ്പാർട്മെന്റിലെ എബി സാർ, ഇംഗ്ലീഷ് ഡിപ്പാർട്മെന്റിലെ ആതിര ടീച്ചർ, കോളേജിന്റെ PRO ആൻ മരിയ ടീച്ചർ എന്നിവരാണ്.

“Converting Plastic to Wearable Dresses” എന്ന ബിസിനസ് പ്ലാൻ അവതരിപ്പിച്ച ടീമാണ് ഒന്നാം സ്ഥാനം സ്വന്തമാക്കിയത്. വിജയികൾക്ക് ക്യാഷ് അവാർഡ് Komerco ക്ലബ് പ്രസിഡന്റ് മെൽവിൻ സമ്മാനിച്ചു. രണ്ടാം സ്ഥാനം നേടിയ ടീമിന് ക്യാഷ് അവാർഡ് കോളേജിന്റെ ജഞ്ചഃ അൻമറിയ ടീച്ചർ നൽകി.

അവസാനത്തിൽ സില്ലു ടീച്ചർ നന്ദിപ്രസംഗം നടത്തി, പരിപാടി വിജയകരമാക്കാൻ പരിശ്രമിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തി.

“ഡ്രീം പ്ലാൻ ഡു” വിദ്യാർത്ഥികൾക്ക് അവരുടെ സ്വപ്നങ്ങളെ ലക്ഷ്യങ്ങളാക്കി മാറ്റാനുള്ള പ്രചോദനമായിത്തീർന്നു.

## സ്വാതന്ത്ര്യ ദിനാഘോഷം നടത്തി എൻ എസ് എസ്



അനുപ്രിയ സുരേഷ്

നവജ്യോതി കോളേജ് എൻ. എസ് എസ് യൂണിറ്റ് 56ന്റെ നേതൃത്വത്തിൽ സ്വാതന്ത്ര്യ ദിനാഘോഷം നടത്തി.ഭൂദാനം അങ്കനവാടിയിൽ വച്ച് നടന്ന പരിപാടിയിൽ ഇരുപതോളം വോളണ്ടിയേഴ്സ് പങ്കെടുത്തു. കുട്ടികളുടെ വിവിധ കലാപരിപാടികൾക്ക് ശേഷം പായസ വിതരണം നടത്തി. പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ.ബി, അസിസ്റ്റന്റ് പ്രോഗ്രാം ഓഫീസർ രജിത കെ. അങ്കനവാടി അധ്യാപിക ശോഭ കെ, എൻ എസ് എസ് സെക്രട്ടറിമാരായ അനുപ്രിയ സുരേഷ്, വിഷ്ണുദാസ് വി.പി എന്നിവർ സംസാരിച്ചു.

## ധനസമാഹരണം നടത്തി എൻ എസ് എസ്



ബ്ലഡ് ക്യാൻസർ മൂലം ദുരിതം അനുഭവിക്കുന്ന ചെറുപുഴ പഞ്ചായത്തിലെ രണ്ടാം വാർഡിൽ താമസിക്കുന്ന ഷിന്റോ ജോസഫ് എന്ന വ്യക്തിയുടെ ചികിത്സാ സഹായത്തിനായി എൻ എസ് എസ് യൂണിറ്റ് 56 ന്റെ നേതൃത്വത്തിൽ ധനസമാഹരണം നടത്തി. കോളേജിലെ മുഴുവൻ വിദ്യാർത്ഥികളിൽ നിന്നും അധ്യാപകരിൽ നിന്നും സമാഹരിച്ച തുക പ്രിൻസിപ്പാൾ ഡോ.കെ.കെ സോമശേഖരൻ പഞ്ചായത്തംഗങ്ങൾക്ക് കൈമാറി.

## BCASAയുടെ നേതൃത്വത്തിൽ Independence day quiz competition സംഘടിപ്പിച്ചു



Santhwana B

ചെറുപുഴ: നവജ്യോതി കോളേജിൽ സംഘടിപ്പിച്ച സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ചുള്ള ക്വിസ് കോമ്പറ്റീഷൻ പരിപാടി **Department of Computer Studies Association** ആയ **BCASA** യുടെ നേതൃത്വത്തിൽ 18 ഓഗസ്റ്റ് 2025 രാവിലെ 10:45ന് സെമിനാർ ഹാളിൽ വച്ച് സംഘടിപ്പിച്ചു. മൂന്നാം വർഷ ബിസിഎ വിദ്യാർത്ഥിയായ അജയ് സ്വാഗതം പറഞ്ഞു. ബിസിഎ ഡിപ്പാർട്ട്മെന്റിലെ അധ്യാപികമാരായ അശ്വതി ബാബു,സിംന സൈമൺ എന്നിവർ പരിപാടിയിൽ വിധികർത്താക്കളായും എത്തി.പരിപാടിയുടെ ആങ്കറിങ്ങിനായി രണ്ടാം വർഷ വിദ്യാർഥിനി ആയ സാന്ത്വന കോമ്പറ്റീഷനെ കുറിച്ചുള്ള കാര്യങ്ങൾ പങ്കെടുക്കാനായി എത്തിയ വിദ്യാർത്ഥികൾക്ക് പറഞ്ഞുകൊടുക്കുകയും ചെയ്തു. രണ്ടുപേർ അടങ്ങുന്ന ടീമുകളായി വിദ്യാർത്ഥികളെ തിരിക്കുകയും രണ്ട് സെക്ഷനായി ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തിരുന്നു. ആദ്യത്തെ സെക്ഷനിൽ ചോദ്യം ചോദിച്ച് ഉത്തരം എഴുതുന്നത് പോലെയും രണ്ടാമത്തെ സെക്ഷനിൽ പവർ പോയിന്റ് പ്രസന്റേഷനിൽ സ്വാതന്ത്ര്യവുമായി ബന്ധപ്പെട്ട ചരിത്രപരമായ ചില സ്ഥലങ്ങളുടെയും ചില വ്യക്തികളുടെയും ചിത്രം കാണിക്കുകയും വിദ്യാർത്ഥികളോട് അത് ആരാണെന്ന് എഴുതാനും പറഞ്ഞു. പവർ പോയിൻറ് പ്രസന്റേഷന്റെ കാര്യങ്ങൾ നോക്കിയതെല്ലാം മൂന്നാം വർഷ വിദ്യാർത്ഥിയായ അശ്വിൻ ആയിരുന്നു. അഭിനന്ദ് , മരിയ ജോസ്, അജയ്, സൂര്യദേവ്, അരുൺ, അബിൻ എന്നിവർ വിധിനിർണയത്തിലും മറ്റു കാര്യങ്ങളിലും സഹായിക്കാനായി എത്തി. പരിപാടിയിൽ മൂന്നാം വർഷം വിദ്യാർഥിനിയായ നന്ദന മോഹൻ ഗാനം ആലപിച്ചു. മത്സരത്തിൽ ഒന്നാം സ്ഥാനം നേടിയത് **BA English 3rd year** വിദ്യാർത്ഥികളായ ജെഫിൻ ജോണി & ഖീലഹ ആണ്. രണ്ടാം സ്ഥാനം നേടിയത് **BCA 2nd year** വിദ്യാർത്ഥികളായ **Arunima K & Devika TM**ആണ്. മൂന്നാം സ്ഥാനം നേടിയത് **BA English 3rd year** വിദ്യാർത്ഥികളായ **Evelin & Adithya** ആണ്. അധ്യാപികയായ അശ്വതി ബാബു നന്ദി അറിയിച്ചു സംസാരിച്ചു.ശേഷം കോളേജ് എൻട്രൻസിൽ വച്ച് വിജയികൾക്കുള്ള സമ്മാനവിതരണം ബഹുമാനപ്പെട്ട കോളേജ് പ്രിൻസിപ്പൽ ശ്രീ **Dr. KK** സോമശേഖരൻ സാറും, **HOD Mrs.** ആനി സുഫലാമ എൻ മാത്യു, അധ്യാപികയായ **Simna Simon** നിർവഹിച്ചു.

## ജീവിതം സുന്ദരം സുരക്ഷിതം



എയ്ഞ്ചൽ വർഗീസ്

സ്റ്റേറ്റ് എൻ എസ് എസും, എയ്ഡ്സ് കൺട്രോൾ സൊസൈറ്റിയും ചേർന്ന് നടത്തുന്ന സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി യുവ ജാഗരൺന്റെ ഭാഗമായി ബാലുശ്ശേരി പൗർണ്ണമി തീയേറ്റേഴ്സിന്റെ നാടകം ജീവിതം സുന്ദരം സുരക്ഷിതം' നവജ്യോതി കോളേജിൽ അവതരിപ്പിച്ചു. പരിപാടിയിൽ കോളേജ് പ്രിൻസിപ്പൽ ഡോ.കെ.കെ സോമശേഖരൻ, പ്രോഗ്രാം ഓഫീസർ മഞ്ജുഷ കെ ബി എന്നിവർ സംസാരിച്ചു.

## കൈത്തറി കേന്ദ്രം സന്ദർശിച്ചു




വിസ്മയ വി.ജി

ദേശീയ കൈത്തറി ദിനത്തോടനുബന്ധിച്ച് 2025 ഓഗസ്റ്റ് 8 ന് നവജ്യോതി കോളേജ് എൻ എസ് എസ് യൂണിറ്റ് 56 ന്റെ നേതൃത്വത്തിൽ കുണ്ടം തടം കൈത്തറി കേന്ദ്രം സന്ദർശിച്ചു. വിവിധ തരം നെയ്ത്ത് ഉപകരണങ്ങളും അവയുടെ പ്രവർത്തനങ്ങളും മനസ്സിലാക്കാൻ സാധിച്ചു. നെയ്ത്ത് തൊഴിലാളികൾ വസ്ത്ര നിർമ്മാണരീതി വിശദീകരിച്ചു. അധ്യാപികമാരായ രജിത കെ, മഞ്ജുഷ കെ.ബി എന്നിവർ നേതൃത്വം നൽകി.

## ദശദിന ഗ്രാമീണ ക്യാമ്പ് ഉദ്ഘാടനം ചെയ്ത് നവജ്യോതി കോളേജ്



അട്ടപ്പാടി :കണ്ണൂർ ചെറുപുഴ നവജ്യോതി കോളേജ് ബി എസ് ഡബ്ല്യൂ രണ്ടാംവർഷ വിദ്യാർഥികളുടെ ഗ്രാമീണ ക്യാമ്പ് ആരംഭിച്ചു. ജെല്ലിപ്പാറ പുതുജീവൻ അഗതിമന്ദിരം ആതിഥേയത്വം വഹിക്കുന്ന ക്യാമ്പ് അഗളി പഞ്ചായത്ത് വൈസ് പ്രസിഡണ്ട് ശ്രീമതി ശ്രീലക്ഷ്മി ഉദ്ഘാടനം ചെയ്തു. ക്യാമ്പിന്റെ ഉദ്ദേശലക്ഷ്യങ്ങളെ കുറിച്ചും സംഘടിപ്പിക്കുന്ന പ്രോഗ്രാമുകളെ കുറിച്ചും ഡിപ്പാർട്ട്മെന്റ് മേധാവി ഫാ.ബിനോയ് വാഴയിൽ സംസാരിച്ചു. പ്രസ്തുത ക്യാമ്പിൽ സാമൂഹിക ബോധവൽക്കരണ പ്രോഗ്രാമുകൾ സർവ്വേ വ്യക്തിത്വ വികസന സെമിനാറുകൾ തെരുവുനാടകം എന്നിവയും സംഘടിപ്പിക്കുന്നു.പുതുജീവൻ സുപ്പീരിയർ ഫാദർ ജിമ്മി അഞ്ഞില തോപ്പിൽ അധ്യക്ഷപദം അലങ്കരിക്കുകയും ഫാദർ ബിബിൻ,ക്യാമ്പ് കോർഡിനേറ്റർ ഷാരോൺ എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിക്കുകയും ചെയ്തു.

## കൊതുക് പ്രതിരോധ ദിനാചരണം



വൈഷ്ണവ് നട്ടിയിൽ

നവജ്യോതി കോളേജ് എൻ എസ് എസ് യൂണിറ്റ് 56 ന്റെ നേതൃത്വത്തിൽ ആഗസ്റ്റ് 21 ന് കൊതുകിനെ പ്രതിരോധിക്കാനായി ദിനാചരണം നടത്തി. വോളണ്ടിയേഴ്സ് ക്യാമ്പസ് പരിസരത്തുള്ള പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ നീക്കം ചെയ്യുകയും,വെള്ളം കെട്ടി കിടക്കുന്ന സ്ഥലങ്ങൾ ശുചീകരിക്കുകയും ചെയ്തു.

## ദശദിന സാമൂഹിക സഹവാസ ക്യാമ്പ് അവസാനിച്ചു



അഗളി: കണ്ണൂർ ചെറുപുഴ നവജ്യോതി കോളേജിലെ വിദ്യാർത്ഥികൾ പത്തു ദിവസമായി നടത്തിവന്നിരുന്ന ഗ്രാമീണ സഹവാസ ക്യാമ്പ് സമാപിച്ചു. ക്യാമ്പിന്റെ സമാപന സമ്മേളനം സി.എസ്.ടി സെന്റ്. തോമസ് പ്രൊവിൻസിന്റെ കൗൺസിലർ ഫാ.ജോഷി വാളിപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. (പസ്തുത യോഗത്തിൽ ക്യാമ്പ് കോ ഓർഡിനേറ്റർ സി. ഷാരോൺ സ്വാഗതം ആശംസിച്ചു. ഫാ. ജിമ്മി ആഞ്ഞിലിത്തോപ്പിൽ അദ്ധ്യക്ഷത വഹിച്ചു. പുതുജീവൻ ഡയറക്ടർ ഫാ. ബിബിൻ ചെറുകുന്നേൽ ആശംസകളറിയിച്ചു സംസാരിച്ചു. ക്യാമ്പ് ദിനങ്ങളിൽ വിദ്യാർത്ഥികൾ സർവെ , ഭവന സന്ദർശനം, ബോധവൽകരണ ക്ലാസ്സുകൾ വ്യക്തിത്വ വികസന ശിൽപശാല, എൻ.ജി.ഒ സന്ദർശനീ ആ സോ. കില , ആദി, പഞ്ചായത്ത്, പോലീസ് സ്റ്റേഷൻ, തെരുവുനാടകം നടത്തി. ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ കോളേജ് ഡിപ്പാർട്ട് മെന്റ് മേധാവി ഫാ. ബിനോയി വാഴയിൽ ക്യാമ്പിനെ വിലയിരുത്തുകയും ഏവർക്കും നന്ദിയർപ്പിക്കുകയും ചെയ്തു.

## ഫ്രഷേഴ്സ് ഡേ ' ഭ. ഭ. ബ

നവജ്യോതി കോളേജ് 2025 26 ആദ്യ വർഷ വിദ്യാർത്ഥികൾക്കായി, കോളേജ് സ്റ്റുഡൻസ് യൂണിയനും , SAIN et.al. ചേർന്ന് ഒരുക്കിയ ഫ്രഷേഴ്സ് ഡേ ' ഭ. ഭ. ബ ' (ഭയം, ഭക്തി, ബഹുമാനം )ജൂലൈ 21 തിങ്കളാഴ്ച കോളേജ് ഓഡിറ്റോറിയത്തിൽ വച്ച് നടത്തപ്പെട്ടു. രാവിലെ 9.30 യോടെ തുടങ്ങിയ ഉദ്ഘാടന ചടങ്ങിൽ സ്വാഗതം അർപ്പിച്ചു സംസാരിച്ചത് SAIN et. al. പ്രസിഡൻറ് അജയ് തോമസ് , അധ്യക്ഷ സ്ഥാനം അലങ്കരിച്ചത് കോളേജ് പ്രിൻസിപ്പൽ ഡോ കെ കെ സോമശേഖരൻ , പരിപാടി ഉദ്ഘാടനം ചെയ്തു കൊണ്ട് സംസാരിച്ചത് കോളേജ് മാനേജർ ഫാ: ജോസഫ് ചാത്തനാട്ട്, ആശംസകൾ അർപ്പിച്ച് സംസാരിച്ചത് കോളേജ് ഡയറക്ടർ ഫാ: സിജോയി പോൾ, സ്റ്റാഫ്



സെക്രട്ടറി മിസിസ് സില്ലു ജോൺ ,കോളേജ് സ്റ്റുഡൻസ് യൂണിയൻ ചെയർമാൻ മിസ്റ്റർ ഫെബിൻ ബിജു എന്നിവരാണ്. കോളേജ് സ്റ്റുഡൻറ് എഡിറ്റർ മിസ്റ്റർ മാർട്ടിൻ നോബിൾ എല്ലാവർക്കും നന്ദി അറിയിച്ചു. അതിനുശേഷം കോളേജിൽ എത്തിയ പുതിയ വിദ്യാർഥികൾക്കായുള്ള ടാസ്കുകളും, മറ്റ് കലാപരിപാടികളും, കോളേജ് രണ്ടും മൂന്നും വർഷ വിദ്യാർത്ഥികളുടെ വിവിധ കലാ പരിപാടികളും ഇതിനിടയിൽ നടത്തപ്പെട്ടു. ഉച്ചയ്ക്ക് 1.30നു ശേഷം വിദ്യാർത്ഥികളെ ആനന്ദകരമാക്കാൻ 'DJ JUDE THOMAS ' ന്റെ DJ പ്രോഗ്രാമും നടത്തപ്പെട്ടു. കുട്ടികളെല്ലാവരും വളരെ അച്ചടക്കത്തോടെയും, ആഹ്ലാദത്തോടെയും പങ്കെടുത്ത പരിപാടി വളരെ വിജയമായിരുന്നു.